# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5647 18/11/2019-ൽ മറുപടിക്ക്

### സ്വകാര്യ ആശുപത്രികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സജി ചെറിയാൻ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ എണ്ണം എത്രയാണ്, അതിൽ ആലപ്പുഴ ജില്ലയിലെ ആശുപത്രികൾ എത്രയെന്ന് അറിയിക്കാമോ; | എ) | കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മിഷണർമാരുടെ റിപ്പോർട്ടിൻ പ്രകാരം സംസ്ഥാനത്ത് 1625 സ്വകാര്യ ആശുപത്രികൾ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960 സെക്ഷൻ 5 എ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ആലപ്പുഴ ജില്ലയിൽ 28 സ്വകാര്യ ആശുപത്രികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. |
| ബി) | നഴ്സ്, മറ്റ് പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്ക് സർക്കാർ പ്രഖ്യാപിച്ച മിനിമം വേതനം ലഭിക്കുന്നുണ്ടോ എന്നത് വിലയിരുത്തിയിട്ടുണ്ടോ? | ബി) | സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെ മിനിമം വേതനം അലവൻസുകളുൾപ്പെടെ 20,000/- രൂപയായി നിശ്ചയിച്ചുകൊണ്ട് സർക്കാർ മിനിമം വേതന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപനത്തിനെതിരെ ആശുപത്രി ഉടമകൾ ബഹു.ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്യുകയും WP(C) 25524/18, WP(C) 23406/18 എന്നീ കേസുകളിൽ ടി കേസിലെ കക്ഷികൾക്ക് സ്റ്റേ അനുവദിച്ചിട്ടുള്ളതുമാണ്. 10 കേസുകളിൽ മിനിമം വേതനം നടപ്പിലാക്കാത്ത തൊഴിലുടമകൾക്കെതിരെ Coercive step എടുക്കുന്നത് താൽക്കാലികമായി വിലക്കിക്കൊണ്ട് ബഹു: ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ആയതിനാൽ മിനിമം വേതനം നൽകുന്നത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണുള്ളത്. |

സെക്ഷൻ ഓഫീസർ